October 30,2025

| | |
|---|---|
| The Manager,<br>Listing Department,<br>BSE Limited,<br>Phiroze Jeejeebhoy Towers,<br>Dalal Street,<br>Mumbai- 400 001 | The Manager,<br>Listing Department,<br>National Stock Exchange of India Limited<br>Exchange Plaza, 5th Floor, Plot No. C/1,<br>G Block, Bandra-Kurla Complex,<br>Bandra-East,<br>Mumbai- 400 051 |
| Scrip Code: 532953 | Symbol: VGUARD |

Dear Sir/Madam,

**Sub: Submission of newspaper publication of unaudited Standalone and Consolidated Financial Results for the Quarter and Half Year ended September 30, 2025.**

Pursuant to Regulation 47 of SEBI (Listing Obligations and Disclosure Requirements) Regulations, 2015, we are enclosing herewith the unaudited Standalone and Consolidated Financial Results of the Company for the Quarter and Half Year ended September 30, 2025, published in 'The Hindu Businessline' (English) & 'Deepika' (Malayalam) on October 30, 2025.

The unaudited Standalone and Consolidated Financial Results for the Quarter and Half year ended September 30, 2025, are available in the Company's website, https://www.vguard.in/uploads/investor_relations/Financial-Results-September-30 2025.pdf

We request you to kindly take the above information on record.

Thanking You,

Yours Sincerely,

**For V-Guard Industries Limited**

VIKAS KUMAR TAK Digitally signed by VIKAS KUMAR TAK Date: 2025.10.30 13:39:04 +05'30'

V-GUARD INDUSTRIES LTD. VENNALA KOCHI-682028 DOOR NO. 42/962, VENNALA HIGH SCHOOL ROAD

**Vikas Kumar Tak**
**Company Secretary & Compliance Officer**
**Membership No. FCS 6618**
**Encl: As above**

## തീവ്ര വോട്ടർപട്ടിക പരിഷ്കരണം




# മാതാപിതാക്കളുടെ വോട്ടർ കാർഡ് നമ്പർ മതി

▶▶ നാലുമുതൽ ഫോം വിതരണം

▶▶ അഞ്ചു മുതൽ ഓൺലൈനായി ഫോം പൂരിപ്പിച്ചു നൽകാം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം:** തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികളുടെ ഭാഗമായി എന്യുമറേഷൻ ഫോമുകൾ പൂരിപ്പിക്കുമ്പോൾ 2002ലെ വോട്ടർ പട്ടികയിൽ പേരില്ലാത്തവർ മാതാപിതാക്കളുടെ വോട്ടർ തിരിച്ചറിയൽ കാർഡ് നമ്പർ നൽകിയാൽ മതിയെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ. ഫോമിൽ മാതാപിതാക്കളുടെ എപ്പിക് നമ്പർ നൽകുന്നവർ പിന്നീട് സംശയമുണ്ടെങ്കിൽ മാത്രം കൂടുതൽ രേഖകൾ ഹാജരാക്കിയാൽ മതിയാകും. താത്പര്യമുള്ളവർക്ക് കളർ ഫോട്ടോയും ഫോമിനൊപ്പം പൂരിപ്പിച്ചു നൽകാം. ബൂത്ത് തല ഓഫീസർമാർ (ബിഎൽഒ) ഇത്തരം ഫോമുകൾ നാല് മുതൽ വിതരണം ചെയ്യും. 2.78 കോടി പേർക്ക് വിതരണം ചെയ്യാനുള്ള എന്യൂമറേഷൻ ഫോമുകളുടെ അച്ചടി തുടങ്ങി. നവംബർ നാല് മുതൽ ബിഎൽഒമാർ വീടുകളിലെത്തി വിതരണം ആരംഭിക്കുമെന്നു മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽ അറിയിച്ചു.

2025ലെ വോട്ടർപട്ടികയിലുള്ളത് 2.78 കോടി പേരാണ്. ഇവരെല്ലാം എന്യൂമറേഷൻ ഫോം ഒപ്പിട്ട് നൽകണം. നവംബർ നാലു മുതൽ ഡിസംബർ നാലുവരെയാണ് ഫോം വിതരണവും തിരികെ വാങ്ങലും. ഈ സമയത്ത് മറ്റ് സൂക്ഷ്മ പരിശോധനകളൊന്നുമുണ്ടാകില്ല. എന്യൂമറേഷൻ ഫോം നൽകിയ എല്ലാവരെയും കരട് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തും. പിന്നീടാണ് ആക്ഷേപം സ്വീകരിക്കലും തുടർ പരിശോധനയും. 1951 മുതൽ 2004 വരെ എട്ടു തവണയാണ് എസ്ഐആർ നടന്നിട്ടുള്ളത്.

2002ലെ പട്ടിക അടിസ്ഥാനമാക്കിയാണ് എസ്ഐആർ നടപടികൾ. 2002ലെയും 2025ലെയും പട്ടികയിൽ ഉൾപ്പെട്ടവർ: എന്യൂമറേഷൻ ഫോമിൽ ഒപ്പിട്ട് നൽകിയാൽ മാത്രം മതിയാകും. മറ്റ് രേഖകളൊന്നും സമർപ്പിക്കേണ്ട.

2025ലെ പട്ടികയിൽ ഉൾപ്പെട്ട വരും എന്നാൽ 2002ലെ പട്ടികയിൽ ഉൾപ്പെടാത്തവരുമായവർ ഇവരുടെ മാതാപിതാക്കൾ 2002ലെ പട്ടികയിലുണ്ടെങ്കിൽ മറ്റ് രേഖകൾ സമർപ്പിക്കേണ്ട. ഫോമിൽ ഇക്കാര്യം സൂചിപ്പിക്കണം. മാതാപിതാക്കളുടെ വോട്ടർ വിശദാംശങ്ങൾ നൽകണം.

വ്യക്തിയോ മാതാപിതാക്കളോ 2002ലെ പട്ടികയിൽ ഇല്ലെങ്കിൽ കമ്മീഷൻ നിഷ്കർഷിച്ച 12 രേഖകളിലൊന്ന് സമർപ്പിക്കേണ്ടി വരും. വീടുകൾ കയറിയുള്ള വിവരശേഖരഘട്ടത്തിൽ രേഖകൾ നൽകേണ്ടതില്ല. പിന്നീട് നോട്ടീസ് ലഭിക്കുന്ന മുറയ്ക്ക് നൽകിയാൽ മതി.

പ്രവാസികൾക്ക് ബന്ധുക്കൾ ഒപ്പിട്ടാൽ മതി. ബാർകോഡും പഴയ ഫോട്ടോയും അച്ചടിച്ച എന്യൂമറേഷൻ ഫോമുകളാണ് ബിഎൽഒമാർ വീടുകളിലെത്തിക്കുക. ഓരോ അംഗവും ഇത് ഒപ്പിട്ടു നൽകണം. പ്രവാസികൾ, പഠനാവശ്യം മറ്റിടങ്ങളിലുള്ളവർ എന്നിങ്ങനെ നേരിട്ട് ഫോം സമർപ്പിക്കാൻ കഴിയാത്തവർക്കായി ഇവരുടെ അടുത്ത ബന്ധു ഫോം ഒപ്പിട്ടു നൽകിയാൽ മതിയാകും. അടുത്ത ബന്ധു എന്നതിൽ ആരൊക്കെ ഉൾപ്പെടുമെന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകും.

നേരത്തേ പ്രവാസികൾ ഫോം ഡൗൺലോഡ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണമെന്നായിരുന്നു നിബന്ധന. അതേ സമയം ബിഎൽഒമാരിൽ നിന്ന് ഫോം വാങ്ങി പൂരിപ്പിക്കുന്നതിന് പകരം സാധ്യമാകുന്നവർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യവും ഒരുക്കും. ഫോം ഡൗൺലോഡ് ചെയത് പൂരിപ്പിച്ച് അപ്‌ലോഡ് ചെയ്യണം. നവംബർ അഞ്ച് മുതൽ ഇതിനുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരും.

### എസ്ഐആർ സമയക്രമം

നവംബർ മൂന്നു വരെ ഫോം അച്ചടി, ബിഎൽഒമാരുടെ പരിശീലനം.

നവംബർ നാല് മുതൽ ഡിസംബർ നാലുവരെ: വീടുതോറും ബിഎൽഒമാരെത്തി ഫോം വിതരണം, വിവരശേഖരണം, തിരിച്ചു വാങ്ങൽ.

ഡിസംബർ ഒൻപത്: കരട് വോട്ടർപട്ടിക പ്രസിദ്ധീകരണം

ഡിസംബർ 9 മുതൽ ജനുവരി 8 വരെ: ആക്ഷേപങ്ങൾ, പരാതികൾ കേൾക്കൽ.

ഡിസംബർ 9 മുതൽ ജനുവരി 31 വരെ: ഹിയറിംഗ്, രേഖകളുടെ പരിശോധന

ഫെബ്രുവരി 7: അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരണം.

## പുനഃപരിശോധന: അഞ്ചിന് സർവകക്ഷിയോഗം

**തിരുവനന്തപുരം:** സംസ്ഥാനത്ത് തുടങ്ങിയ തീവ്ര വോട്ടർ പട്ടിക പുനഃപരിശോധന (എസ്ഐആർ) തിടുക്കത്തിൽ നടപ്പാക്കാനുള്ള തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനത്തിൽ തുടർ നടപടി ആലോചിക്കാൻ നവംബർ അഞ്ചിന് വൈകുന്നേരം നാലിന് സർവകക്ഷി യോഗം വിളിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

എസ്ഐആർ നടപ്പാക്കുന്നതിൽനിന്ന് പിന്തിരിയണമെന്നും സുതാര്യമായ വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്നും നിയമസഭ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. രാഷ്ട്രീയ പാർട്ടികളുടെയും സംസ്ഥാന തെരഞ്ഞെടുപ്പ് ഓഫീസറുടെയും അഭിപ്രായം അവഗണിച്ച് എസ്ഐആർ നടപ്പാക്കാനുള്ള തീരുമാനമാണ് ഇപ്പോൾ എടുത്തത്. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന സാഹചര്യത്തിൽ ഇത് ഇപ്പോൾ പ്രാവർത്തികമല്ലെന്ന് സംസ്ഥാനത്തെ മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ തന്നെ അഭിപ്രായപ്പെട്ടതാണ്.

## രാഷ്ട്രീയപാർട്ടികളുടെ യോഗം ചേർന്നു

**തിരുവനന്തപുരം:** തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു രാഷ്ട്രീയ പാർട്ടികളുടെ യോഗം തെരഞ്ഞെടുപ്പു കമ്മീഷൻ വിളിച്ചു ചേർത്തു. തെരഞ്ഞെടുപ്പ് പ്രചാരണവും പ്രവർത്തനങ്ങളും നടത്തുന്നതു ഹരിതചട്ടം പാലിച്ചു വേണം. വോട്ടെടുപ്പ്, വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ ക്രമസമാധാനപാലനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ പോലീസിന് നിർദേശം നൽകിയിട്ടുണ്ട്. വോട്ടിംഗ് മെഷീൻ കമ്മീഷനിംഗ് നടക്കുമ്പോൾ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിധ്യം ഉണ്ടാകണമെന്നും കമ്മീഷൻ പറഞ്ഞു.

മത്സരിക്കുന്ന സ്ഥാനാർഥികളെല്ലാംതന്നെ ഫലപ്രഖ്യാപനം മുതൽ 30 ദിവസത്തിനകം തെരഞ്ഞെടുപ്പു ചെലവു കണക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥർക്കു സമർപ്പിക്കണം. അതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥാനാർഥികൾ നാമനിർദേശപത്രികയോടൊപ്പം നിശ്ചിത തുക നിക്ഷേപമായി നൽകണം. ഗ്രാമപഞ്ചായത്തുകളിൽ 2000 രൂപയും ബ്ലോക്ക് പഞ്ചായത്ത് മുൻസിപ്പാലിറ്റികളിൽ 4000 രൂപയും ജില്ലാ പഞ്ചായത്ത് കോർപ്പറേഷനുകളിൽ 5000 രൂപയുമാണു നിക്ഷേപ തുക.

പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സ്ഥാനാർഥികൾക്ക് അവയുടെ പകുതി നൽകിയാൽ മതിയാകും. സുരക്ഷയെ സംബന്ധിച്ചു സംസ്ഥാന പോലീസ് മേധാവിയുമായി ആലോചിച്ചു തീരുമാനിക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി.

## ഡോ. സി.വി. ആനന്ദബോസിന് മലയാളരത്ന പുരസ്കാരം




**കൊച്ചി:** 28-ാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ബുക്ക് ഓഫ് ദ ഇയർ മലയാളരത്ന പുരസ്കാരം ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദബോസിന്. നവംബർ ഒന്നിനു രാവിലെ 11ന് നടക്കുന്ന പുസ്തകോത്സവ ഉദ്ഘാടനച്ചടങ്ങിൽ ഉത്തർപ്രദേശ് ഗവർണർ ആനന്ദിബെൻ പട്ടേൽ പുരസ്കാരം സമർപ്പിക്കും. 'മിത്തും സയൻസും ഒരു പുനർവായന' എന്ന പുസ്തകമാണ് ഡോ. സി.വി. ആനന്ദബോസിനെ പുരസ്കാരത്തിന് അർഹനാക്കിയത്. അദ്ദേഹം രചിച്ച 14 പുസ്തകങ്ങളുടെ പ്രകാശനവും ആനന്ദിബെൻ പട്ടേൽ ചടങ്ങിൽ നിർവഹിക്കും.

## സിപിഐക്കും സിപിഎമ്മിനും ഒരേ ഹൃദയം: സജി ചെറിയാൻ

**തൃശൂർ:** രണ്ടു പാർട്ടികളാണെങ്കിലും സിപിഐക്കും സിപിഎമ്മിനും ഒരേ ഹൃദയമാണെന്നും പ്രശ്നങ്ങളുണ്ടെങ്കിൽ പരസ്പരബഹുമാനത്തോടെ ചർച്ചചെയ്തു രമ്യമായി പരിഹരിക്കുമെന്നും സാംസ്കാരികമന്ത്രി സജി ചെറിയാൻ ഇന്നലെ രാവിലെ തൃശൂരിൽ മാധ്യമപ്രവർത്തകരോടു പറഞ്ഞു.

ചർച്ചചെയ്ത് പരിഹരിക്കാനുള്ള കരുത്ത് ഇരുപാർട്ടികൾക്കുമുണ്ട്. പിഎം ശ്രീയിൽ ഒപ്പിട്ടതു മാത്രമാണു വിഷയം, സിപിഐ ഉന്നയിച്ച സംശയങ്ങളും ആശങ്കകളും ചർച്ചചെയ്യും. സജി ചെറിയാൻ പറഞ്ഞു.

## ദൈവദാസൻ ഫാ. ജോസഫ് പഞ്ഞിക്കാരന്റെ ശ്രാദ്ധാചരണം നാലിന്



**കോതമംഗലം:** മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് (എംഎസ്ജെ) സന്യാസിനിസമൂഹം സ്ഥാപകൻ ദൈവദാസൻ ഫാ. ജോസഫ് പഞ്ഞിക്കാരന്റെ 76-ാം ശ്രാദ്ധാചരണം നവംബർ നാലിന് കോതമംഗലം തങ്കളം ധർമഗിരി സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ നടക്കും.

ഒന്നിന് വൈകുന്നേരം ഏഴിന് സെന്റ് ജോർജ് കത്തീഡ്രലിൽ വിശുദ്ധ കുർബാന. ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ കാർമികത്വം വഹിക്കും. രണ്ടിന് ഉച്ച കഴിഞ്ഞു മൂന്നിന് പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വിശുദ്ധ കുർബാന, സന്ദേശം - വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ റവ. ഡോ. പോൾ പുതുവ, മൂന്നിന് ഉച്ചകഴിഞ്ഞ് മൂന്നിന് വിശുദ്ധ കുർബാന, സന്ദേശം - കോഴിക്കോട് സിഎസ്ടി സെന്റ് തോമസ് പ്രൊവിൻസ് വികാർ പ്രൊവിൻഷ്യൽ റവ. ഡോ. ജിനോ പെരിംചേരിൽ. നാലിനു രാവിലെ 9.30ന് നെല്ലിക്കുഴി സെന്റ് ജോസഫ് പള്ളിയിൽനിന്നു തങ്കളം പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിലെ ദൈവദാസന്റെ കബറിടത്തിങ്കലേക്ക് തീർഥാടകരുടെ പദയാത്ര.

10.30 ന് കോതമംഗലം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന. 12.15 ന് അനുസ്മരണ പ്രാർഥന. 12.30 ന് ശ്രാദ്ധസദ്യ എന്നിവയാണു പരിപാടികളെന്ന് എംഎസ്ജെ സുപ്പീരിയർ ജനറൽ സിസ്റ്റർ ഫിലോമി അറിയിച്ചു.

## മലയാള ദിനാഘോഷം സംസ്ഥാനതല ഉദ്ഘാടനം നവംബർ ഒന്നിന്

**തിരുവനന്തപുരം:** 2025-ലെ മലയാളദിന-ഭരണഭാഷാ വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 1ന് ഉച്ചയ്ക്ക് 12ന് സെക്രട്ടേറിയറ്റിലെ ദർബാർഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.


സാംസ്കാരിക മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് മുഖ്യപ്രഭാഷണം നടത്തും. മലയാളഭാഷയ്ക്ക് നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകൾ കണക്കിലെടുത്ത് കെ. കെ. സരസമ്മ , ഡോ. എം. എം. ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും.

സമകാലിക ജനപഥം ഭരണഭാഷാ പതിപ്പിന്റെ പ്രകാശനവും സംസ്ഥാനതല ഭരണഭാഷാ പുരസ്കാര വിതരണവും മുഖ്യമന്ത്രി നിർവഹിക്കും.

# എലപ്പുള്ളി ബ്രൂവറിക്കെതിരേ നിയമനടപടിക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം

**പാലക്കാട്:** നിർദിഷ്ട ബ്രൂവറിക്കെതിരേ നിയമനടപടികളുമായി മുന്നോട്ടുപോകാൻ എലപ്പുള്ളി പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനിച്ചു. സംഘർഷാന്തരീക്ഷത്തിൽ പോലീസ് സംരക്ഷണത്തിൽ ചേർന്ന യോഗത്തിലാണു തീരുമാനം.

സിപിഎം അംഗങ്ങളുടെ എതിർപ്പോടെയാണ് തീരുമാനം ഭരണസമിതി അംഗീകരിച്ചത്. കോടതിനടപടികൾ ഏകോപിപ്പിക്കാൻ വൈസ് പ്രസിഡന്റ് സുനിൽകുമാറിനെ യോഗം ചുമതലപ്പെടുത്തി. സിപിഎം അംഗങ്ങളുടെ ബഹളത്തെത്തുടർന്ന് നിർദിഷ്ട ബ്രൂവറി വരുന്ന ആറാംവാർഡിൽ പ്രത്യേക ഗ്രാമസഭ വിളിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കാനായില്ല. പഞ്ചായത്ത് പ്രസിഡന്റ് തീരുമാനിച്ച ദിവസം യോഗം നടത്താനാവില്ലെന്നു സിപിഎമ്മും മെംബർ പറയുന്ന ദിവസം യോഗം ചേരാനാവില്ലെന്നു കോൺഗ്രസും നിലപാടെടുത്തു. പ്രസിഡന്റ് രേവതി ബാബുവിന്റെ അധ്യക്ഷതയിലായിരുന്നു യോഗം.



എലപ്പുള്ളി പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ നടന്ന വാക്പോര്

## പുതുശേരി പഞ്ചായത്ത് തീരുമാനം വിവാദമാകുന്നു

### സിപിഎം അംഗം അനുകൂലിച്ചില്ല

### കോൺഗ്രസ് ഉപരോധം ഇന്ന്

**കഞ്ചിക്കോട്:** ഒയാസിസ് ബ്രൂവറിക്കു കോരയാർ, വരട്ടയാർ പുഴകളിലെ വെള്ളം നൽകാനുള്ള പുതുശേരി പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം വിവാദമാകുന്നു. എലപ്പുള്ളി പഞ്ചായത്തിനു തൊട്ടടുത്തുള്ള പഞ്ചായത്താണ് പുതുശേരി.

വാളയാർ ഡാമിലെ വെള്ളമാണ് ഈ പുഴകളിലൂടെ ഒഴുകുന്നത്. തീരുമാനം നടപ്പായാൽ വാളയാർ ഡാംതന്നെ വറ്റുന്ന സ്ഥിതിയുണ്ടാകുമെന്ന ആശങ്കയാണു വ്യാപക പ്രതിഷേധത്തിനു വഴിയൊരുക്കുന്നത്. പ്രതിപക്ഷത്തിന്റെ എതിർപ്പ് മറികടന്നുകൊണ്ടാണു രണ്ട് സ്വതന്ത്ര അംഗങ്ങളുടെ പിന്തുണയോടെ കമ്പനിക്കു വെള്ളം നൽകാനുള്ള തീരുമാനം സിപിഎം നേതൃത്വത്തിലുള്ള പുതുശേരി പഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ടത്. എങ്കിലും, സിപിഎമ്മുകാരിയായ പന്ത്രണ്ടാം വാർഡ് അംഗം ബിന്ദു കമ്പനിക്കു വെള്ളംനൽകാനുള്ള തീരുമാനത്തെ അനുകൂലിച്ച് വോട്ടുചെയ്യാൻ തയാറാകാതിരുന്നതു സിപിഎം ക്യാമ്പിൽ ഞെട്ടലുണ്ടാക്കി.

വാളയാർ ഡാമിലെ വെള്ളം പുതുശേരി, എലപ്പുള്ളി, മരുതറോഡ് പഞ്ചായത്തുകളിലെ രണ്ടായിരം ഏക്കറോളം കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. കുടിവെള്ളത്തിനും ഇവിടത്തെ വെള്ളം ഉപയോഗിക്കുന്നുണ്ട്. തീരുമാനം നടപ്പായാൽ വാളയാർ ഡാമിലെ വെള്ളം മുഴുവൻ കമ്പനി കൊണ്ടുപോകുന്ന സ്ഥിതിയുണ്ടാകുമെന്നു കോൺഗ്രസും ബിജെപിയും ഒരുപോലെ ആരോപിക്കുന്നു. കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്നു പുതുശേരി പഞ്ചായത്ത് ഓഫീസ് ഉപരോധിക്കും.

കെപിസിസി ജനറൽ സെക്രട്ടറി സന്ദീപ് വാര്യർ ഉദ്ഘാടനം ചെയ്യും. ഡിസിസി പ്രസിഡന്റ് എ.തങ്കപ്പൻ പ്രസംഗിക്കും. വിവിധ കർഷകസംഘടനകളും സമരം ആഹ്വാനം ചെയ്തിട്ടുണ്ട്.

## സിപിഎം കണക്കുപറയേണ്ടിവരും: ജോർജ് സെബാസ്റ്റ്യൻ

**പാലക്കാട്:** കേരളത്തെ മദ്യാലയമാക്കാൻ ഒയാസിസ് കമ്പനിയിൽനിന്ന് അച്ചാരം വാങ്ങിയ സിപിഎമ്മിനു ജനങ്ങളുടെ കോടതിയിൽ കണക്കു പറയേണ്ടിവരുമെന്ന് ക്രൈസ്തവസഭകളുടെ കൂട്ടായ്മയായ ആക്ട്സിന്റെ ജനറൽ സെക്രട്ടറി ജോർജ് സെബാസ്റ്റ്യൻ. മദ്യനിർമാണശാലയ്ക്കു വെള്ളം നൽകുവാൻ പുതുശേരി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതോടെ മാർക്സിസ്റ്റ് പാർട്ടിയുടെ മുഖം കൂടുതൽ വികൃതമായി. പുതുശേരി പഞ്ചായത്ത് മാത്രമല്ല, കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളും പ്രമേയം പാസാക്കിയാലും കേരളത്തിൽ പുതിയൊരു മദ്യനിർമാണശാല ആരംഭിക്കുവാൻ കേരളജനത സമ്മതിക്കില്ലെന്നും ജോർജ് സെബാസ്റ്റ്യൻ പറഞ്ഞു.

## അടിമാലി അപകടം

# സന്ധ്യയുടെ ചികിത്സച്ചെലവ് മമ്മൂട്ടി ഏറ്റെടുത്തു

**കൊച്ചി:** അടിമാലി കൂമ്പൻപാറയിലുണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റ അടിമാലി നെടുമ്പിളിക്കുടി വീട്ടിൽ സന്ധ്യ ബിജു (41) വിന്റെ ചികിത്സച്ചെലവുകൾ പൂർണമായും നടൻ മമ്മൂട്ടി ഏറ്റെടുത്തു. ആലുവ രാജഗിരി ആശുപത്രിയിലെ തുടർ ചികിത്സ മമ്മൂട്ടിയുടെ കെയർ ആൻഡ് ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടത്തും.

ഗുരുതരമായി പരിക്കേറ്റതിനാൽ സന്ധ്യയുടെ കാൽ മുറിച്ചുമാറ്റേണ്ടിവന്നിരുന്നു. അപകടത്തിൽ ഭർത്താവ് ബിജു മരിക്കുകയും ഇടതുകാൽ മുറിച്ചുമാറ്റുകയും ചെയ്തതോടെ സന്ധ്യയുടെ ജീവിതം പ്രതിസന്ധിയിലായി. മകൻ കാൻസർ മൂലം കഴിഞ്ഞവർഷം മരിച്ചു. നഴ്സിംഗ് വിദ്യാർഥിനിയായ മകൾ മാത്രമാണ് ഇനിയുള്ള തുണ.

നിസഹായരായ ബന്ധുക്കൾ സഹായം തേടി മമ്മൂട്ടിയുടെ കെയർ ആൻഡ് ഷെയർ ഫൗണ്ടേഷനെ സമീപിക്കുകയായിരുന്നു. തുടർന്ന് മമ്മൂട്ടി നേരിട്ട് രാജഗിരി ആശുപത്രി അധികൃതരുമായി സംസാരിക്കുകയും ചികിത്സച്ചെലവുകൾ ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിക്കുകയുമായിരുന്നു. ഞായാറാഴ്ച പുലർച്ച 5.16 നായിരുന്നു ഇരുകാലുകൾക്കും ഗുരുതരമായി പരിക്കേറ്റ അവസ്ഥയിൽ സന്ധ്യയെ രാജഗിരി ആശുപത്രിയിലെത്തിച്ചത്. മൂന്നു മണിക്കൂറോളം മണ്ണിനടിയിൽ അകപ്പെട്ട സന്ധ്യയെ ആശുപത്രിയിൽ എത്തിക്കുമ്പോൾ ഏകദേശം ഏഴു മണിക്കൂർ പിന്നിട്ടിരുന്നു. ഇടതുകാലിലേക്കുള്ള രക്തയോട്ടം പൂർണമായും തടസപ്പെടുകയും അസ്ഥികൾ പലയിടങ്ങളിലായി ഒടിഞ്ഞ് മസിലുകളും കോശങ്ങളും ചതഞ്ഞരഞ്ഞ നിലയിലുമായിരുന്നു. പിന്നീട് എട്ടു മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയയിൽ ഇടത്തേ കാലിലേക്കുള്ള രക്തയോട്ടം പൂർവസ്ഥിതിയിലാക്കുകയും ഒടിഞ്ഞ അസ്ഥികൾ ഏകദേശം പൂർണരൂപത്തിലാക്കുകയും ചെയ്തു. മസിലുകൾ ചതഞ്ഞരഞ്ഞതിനാൽ ഇടത്തേ കാൽ മുട്ടിനു മുകളിൽ വച്ച് നീക്കംചെയ്യേണ്ടി വന്നു. കാലിന്റെ പ്രവർത്തനം സുഗമമാക്കാൻ പ്ലാസ്റ്റിക് സർജറി ഉൾപ്പെടെ തുടർചികിത്സയും ആവശ്യമാണ്. വലതുകാലിലേക്കുള്ള രക്തയോട്ടവും അസ്ഥികളും കുഴപ്പമില്ലാതെയിരിക്കുമ്പോഴും മസിലുകൾക്ക് തുടർചികിത്സ ആവശ്യമാണ്.

## മാസപ്പടി ഇടപാടിൽ സിബിഐ അന്വേഷണം: ജസ്റ്റീസ് വി.എം. ശ്യാംകുമാർ ഒഴിവായി

**കൊച്ചി:** സിഎംആർഎൽ- എക്സാലോജിക് മാസപ്പടി ഇടപാടിൽ സിബിഐ അന്വേഷണം ആവശ്യപ്പെടുന്ന ഹർജി പരിഗണിക്കുന്ന ഡിവിഷൻ ബെഞ്ചിൽനിന്ന് ജസ്റ്റീസ് വി.എം. ശ്യാംകുമാർ ഒഴിവായി. ഹർജി ഇന്നലെ പരിഗണനയ്ക്കെത്തിയപ്പോൾ പിന്മാറുന്നതായി അറിയിക്കുകയായിരുന്നു. കഴിഞ്ഞദിവസം ഹർജി വിശദവാദത്തിനായി നവംബർ മൂന്നിലേക്ക് മാറ്റിയിരുന്നു. തുടർന്നാണ് ഇന്നലെ വീണ്ടും കേസ് ലിസ്റ്റ് ചെയ്യുകയും ജഡ്ജി പിന്മാറുന്നതായി കോടതിയിൽ പറയുകയും ചെയ്തത്.

## കുമ്പളയിൽ കുഞ്ഞിനെ മറ്റൊരാളിന് കൈമാറിയ പിതാവ് കസ്റ്റഡിയിൽ

**കുമ്പള:** ഒരു മാസം പ്രായമായ ആൺകുഞ്ഞിനെ വളർത്താനെന്ന പേരിൽ മറ്റൊരാൾക്കു കൈമാറിയ പിതാവ് കസ്റ്റഡിയിൽ. ബംഗളൂരുവിൽ ഹോട്ടൽ ജോലിക്കാരനായ കുമ്പള സ്വദേശിയെയാണ് പോലീസ് കസ്റ്റഡിയിലെടുത്തത്.

ആദ്യ ഭർത്താവ് മരിച്ച കുമ്പള സ്വദേശിനിയായ യുവതിയാണു കുഞ്ഞിന്റെ അമ്മ. ഇവർ ഗർഭിണിയാണെന്നു നേരത്തേ അറിയാമായിരുന്ന ആരോഗ്യ പ്രവർത്തക പ്രസവശേഷം കുഞ്ഞിനെ അന്വേഷിച്ച് വീട്ടിലെത്തിയപ്പോഴാണ് കുഞ്ഞിനെ മറ്റൊരാളിന് വളർത്താനേൽപ്പിച്ചതായി അറിഞ്ഞത്. ഇവർ ജില്ലാ ശിശുക്ഷേമ സമിതിയെ വിവരമറിയിച്ചതിനെ തുടർന്ന് പോലീസിന്റെ സഹായത്തോടെ നടത്തിയ അന്വേഷണത്തിലാണ് ബദിയഡുക്ക നീർച്ചാൽ സ്വദേശിനിയായ മറ്റൊരു സ്ത്രീയുടെ വീട്ടിൽ കുഞ്ഞിനെ കണ്ടെത്തിയത്. താൻ കുഞ്ഞിനെ വിലയ്ക്കു വാങ്ങിയതല്ലെന്നും വളർത്താനായി ഏറ്റെടുത്തതു മാത്രമാണെന്നുമാണ് ഇവർ പറയുന്നത്. കുഞ്ഞിനെ ഇവരുടെ പക്കൽനിന്നു ശിശുക്ഷേമ സമിതി ഏറ്റെടുത്തു. കുഞ്ഞിനെ കൊണ്ടുപോകുന്നതിനെതിരേ ഇവർ ആത്മഹത്യാഭീഷണി മുഴക്കിയെങ്കിലും ആരോഗ്യ പ്രവർത്തകർ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തുകയായിരുന്നു. കുഞ്ഞിന്റെ സംരക്ഷണത്തിന് നിയമപരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുമെന്ന് ജില്ലാ ശിശുക്ഷേമസമിതിയും ഉറപ്പുനൽകി.

കുഞ്ഞിന്റെ അമ്മയുടെ ആദ്യവിവാഹത്തിൽ വേറെയും മക്കളുണ്ട്. ഇവരുടെകൂടി അറിവോടെയാണു പിതാവ് കുഞ്ഞിനെ കൈമാറിയതെന്നാണു സൂചന. പിതാവിനും മറ്റൊരു ഭാര്യയും മക്കളുമുണ്ട്.


V-GUARD

**V-GUARD INDUSTRIES LTD.**
*Registered Office:* 42/962, Vennala High School Road, Vennala, Ernakulam-682 028, Kerala.
Tel : 0484-4335000, Email : mail@vguard.in CIN: L31200KL1996PLC010010

**30.09.2025ന് അവസാനിച്ച ത്രൈമാസ – അർദ്ധവാർഷിക പാദത്തിലുള്ള ഓഡിറ്റ് ചെയ്യാത്ത സ്റ്റാൻഡ് എലോൺ സാമ്പത്തിക ഫലങ്ങളുടെ ചുരുക്കഭാഗം**

(₹ in crores)

| ക്രമ നമ്പർ | വിവരണങ്ങൾ | അവസാനിച്ച മൂന്ന് മാസത്തേത് | | | അവസാനിച്ച ആറ് മാസത്തേത് | | അവസാനിച്ച വർഷത്തേത് |
|---|---|---|---|---|---|---|---|
| | | 30.09.2025 | 30.06.2025 | 30.09.2024 | 30.09.2025 | 30.09.2024 | 31.03.2025 |
| | | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്തിട്ടുള്ളത് |
| 1. | പ്രവർത്തനങ്ങളിൽ നിന്നുമുള്ള ആകെ വരുമാനം | 1,272.32 | 1,406.38 | 1,229.02 | 2,678.70 | 2,643.55 | 5,308.87 |
| 2. | സാധാരണ പ്രവർത്തികളിൽ നിന്നും നികുതിക്കു ശേഷമുള്ള മൊത്തം ലാഭം/(നഷ്ടം) | 65.97 | 55.71 | 52.19 | 121.68 | 134.07 | 260.22 |
| 3. | നികുതിക്ക് ശേഷമുള്ള കാലയളവിൽ മൊത്തം ലാഭം/(നഷ്ടം) (അസാധാരണ ഇനങ്ങൾക്ക് ശേഷം) | 65.97 | 55.71 | 52.19 | 121.68 | 134.07 | 260.22 |
| 4. | നിശ്ചിത കാലയളവിലെ സമഗ്ര വരുമാനം (നികുതിക്ക് ശേഷമുള്ള നിശ്ചിത കാലയളവിലെ ലാഭം/(നഷ്ടം) വും മറ്റു സമഗ്ര വരുമാനവും) | 65.97 | 55.71 | 52.19 | 121.68 | 134.07 | 257.23 |
| 5. | ഓഹരി മൂലധനം | 43.60 | 43.60 | 43.50 | 43.60 | 43.50 | 43.58 |
| 6. | ഓരോ ഓഹരിയിൻമേലുള്ള വരവ്. (അസാധാരണ ഇനങ്ങൾക്ക് മുൻപ്) (₹ 1/- വീതം) | | | | | | |
| | എ) ബേസിക് | 1.50 | 1.27 | 1.19 | 2.78 | 3.06 | 5.95 |
| | ബി) ഡൈല്യൂട്ടട് | 1.50 | 1.27 | 1.19 | 2.77 | 3.05 | 5.92 |
| 7. | ഓരോ ഓഹരിയിൻമേലുള്ള വരവ്. (അസാധാരണ ഇനങ്ങൾക്ക് ശേഷം) (₹ 1/- വീതം) | | | | | | |
| | എ) ബേസിക് | 1.50 | 1.27 | 1.19 | 2.78 | 3.06 | 5.95 |
| | ബി) ഡൈല്യൂട്ടട് | 1.50 | 1.27 | 1.19 | 2.77 | 3.05 | 5.92 |

**30.09.2025ന് അവസാനിച്ച ത്രൈമാസ – അർദ്ധവാർഷിക പാദത്തിലുള്ള ഓഡിറ്റ് ചെയ്യാത്ത കൺസോളിഡേറ്റഡ് സാമ്പത്തിക ഫലങ്ങളുടെ ചുരുക്കഭാഗം**

(₹ in crores)

| ക്രമ നമ്പർ | വിവരണങ്ങൾ | അവസാനിച്ച മൂന്ന് മാസത്തേത് | | | അവസാനിച്ച ആറ് മാസത്തേത് | | അവസാനിച്ച വർഷത്തേത് |
|---|---|---|---|---|---|---|---|
| | | 30.09.2025 | 30.06.2025 | 30.09.2024 | 30.09.2025 | 30.09.2024 | 31.03.2025 |
| | | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്യാത്തത് | ഓഡിറ്റ് ചെയ്തിട്ടുള്ളത് |
| 1. | പ്രവർത്തനങ്ങളിൽ നിന്നുമുള്ള ആകെ വരുമാനം | 1,340.92 | 1,466.08 | 1,293.99 | 2,807.00 | 2,771.09 | 5,577.82 |
| 2. | സാധാരണ പ്രവർത്തികളിൽ നിന്നും നികുതിക്കു ശേഷമുള്ള മൊത്തം ലാഭം/(നഷ്ടം) | 65.29 | 73.85 | 63.39 | 139.14 | 162.36 | 313.72 |
| 3. | നികുതിക്ക് ശേഷമുള്ള കാലയളവിൽ മൊത്തം ലാഭം/(നഷ്ടം) (അസാധാരണ ഇനങ്ങൾക്ക് ശേഷം) | 65.29 | 73.85 | 63.39 | 139.14 | 162.36 | 313.72 |
| 4. | നിശ്ചിത കാലയളവിലെ സമഗ്ര വരുമാനം (നികുതിക്ക് ശേഷമുള്ള നിശ്ചിത കാലയളവിലെ ലാഭം/(നഷ്ടം) വും മറ്റു സമഗ്ര വരുമാനവും) | 65.29 | 73.85 | 63.39 | 139.14 | 162.36 | 310.58 |
| 5. | ഓഹരി മൂലധനം | 43.60 | 43.60 | 43.50 | 43.60 | 43.50 | 43.58 |
| 6. | ഓരോ ഓഹരിയിൻമേലുള്ള വരവ്. (അസാധാരണ ഇനങ്ങൾക്ക് മുൻപ്) (₹ 1/- വീതം) | | | | | | |
| | എ) ബേസിക് | 1.49 | 1.69 | 1.45 | 3.17 | 3.71 | 7.17 |
| | ബി) ഡൈല്യൂട്ടട് | 1.48 | 1.68 | 1.44 | 3.16 | 3.70 | 7.14 |
| 7. | ഓരോ ഓഹരിയിൻമേലുള്ള വരവ്. (അസാധാരണ ഇനങ്ങൾക്ക് ശേഷം) (₹ 1/- വീതം) | | | | | | |
| | എ) ബേസിക് | 1.49 | 1.69 | 1.45 | 3.17 | 3.71 | 7.17 |
| | ബി) ഡൈല്യൂട്ടട് | 1.48 | 1.68 | 1.44 | 3.16 | 3.70 | 7.14 |

കുറിപ്പ്:
1. മുകളിൽ കൊടുത്തിരിക്കുന്ന 30.09.2025ന് അവസാനിച്ച ത്രൈമാസ – അർദ്ധവാർഷിക പാദത്തിലെ ഓഡിറ്റ് ചെയ്യാത്ത സ്റ്റാൻഡ് എലോൺ ഒപ്പം കൺസോളിഡേറ്റഡ് സാമ്പത്തിക ഫലങ്ങൾ 2025 ഒക്ടോബർ 29-ാം തീയതി നടന്ന യോഗത്തിൽ ഓഡിറ്റ് കമ്മിറ്റി പരിശോധിക്കുകയും ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തു.
2. മുകളിൽ കൊടുത്തിരിക്കുന്ന ഓഡിറ്റ് ചെയ്യാത്ത ചുരുക്കഭാഗം 2015-ലെ സെബി (ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് & ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷനുകളിലെ 33-ാം റെഗുലേഷൻ പ്രകാരം സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഫയൽ ചെയ്ത വരവ് ചിലവ് പട്ടികയിലേതാവുന്നു. ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങളുടെ മുഴുവൻ രൂപഘടന കമ്പനിയുടെ വെബ്സൈറ്റിലും(www.vguard.in) നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡ് (www.nseindia.com), ബി എസ് ഇ ലിമിറ്റഡ് (www.bseindia.com) എന്നീ വെബ്സൈറ്റുകളിലും ലഭ്യമാണ്.

സ്ഥലം: കൊച്ചി
തിയ്യതി: 29.10.2025

വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിനു വേണ്ടി
sd/-
മാനേജിംഗ് ഡയറക്ടർ

E2510-576719

KOCHI
businessline.
THURSDAY - OCTOBER 30 - 2025



fully explored and 21 are partially explored, offering a balanced mix of opportunities for investors and developers. The round includes five mines under the Coal Mines (Special Provisions) Act, 2015 (CMSP) and 36 under the Mines and Minerals (Development and Regulation)

He
of the
this t
UCG,
the fi
Nearl
coal r
groun
conve
metho

# TVS Credit Servic
# 27% growth in Q2

Our Bureau
Chennai

Non-banking financial services company TVS Credit Services reported a net profit of ₹204 crore for Q2FY26, a 27 per cent growth compared to Q2FY25.

The total income in the quarter was ₹1,784 crore, a 9 per cent growth compared to Q2 FY25. As of September 2025, Assets Under Management (AUM) stood at ₹27,807 crore, a 4 per cent growth compared to the year-ago period.

For the half-year ended September 2025 (H1FY26), disbursements grew 17 per cent y-o-y. Net profit for the half year stood at ₹385 crore, a 28 per cent y-o-y growth. The company said growth in disbursements was driven by a significant growth in consumer and retail financing, driven by GST 2.0 implementation and increased sales across product categories. The company is working

Dur
TVS
disb
to c
new
brin
cust
to c

to bui
scalin
penet
produ

LOAN
Durin
disbu
lakh
ing its
over 2
"T
to foc
nolog
drive
and c
tionsl
stron
practi
in a st

V-GUARD

**V-GUARD INDUSTRIES LTD.**
*Registered Office:* 42/962, Vennala High School Road, Vennala, Ernakulam-682 028, Kerala.
Tel : 0484-4335000, Email : mail@vguard.in CIN: L31200KL1996PLC010010

## EXTRACT OF UNAUDITED STANDALONE FINANCIAL RESULTS FOR THE QUARTER AND HALF YEAR ENDED 30.09.2025

(₹ in crores)

| Sl. No | Particulars | For the three months ended | | | For the six months ended | | For the year ended |
|---|---|---|---|---|---|---|---|
| | | 30.09.2025 | 30.06.2025 | 30.09.2024 | 30.09.2025 | 30.09.2024 | 31.03.2025 |
| | | (Unaudited) | (Unaudited) | (Unaudited) | (Unaudited) | (Unaudited) | (Audited) |
| 1. | Total income from operations (net) | 1,272.32 | 1,406.38 | 1,229.02 | 2,678.70 | 2,643.55 | 5,308.87 |
| 2. | Net Profit / (Loss) from ordinary activities after tax | 65.97 | 55.71 | 52.19 | 121.68 | 134.07 | 260.22 |
| 3. | Net Profit / (Loss) for the period / year after tax (after extraordinary items) | 65.97 | 55.71 | 52.19 | 121.68 | 134.07 | 260.22 |
| 4. | Total Comprehensive Income for the period / year [comprising profit / (loss) for the period / year (after tax) and Other Comprehensive Income] after tax | 65.97 | 55.71 | 52.19 | 121.68 | 134.07 | 257.23 |
| 5. | Equity Share Capital | 43.60 | 43.60 | 43.50 | 43.60 | 43.50 | 43.58 |
| 6. | Earnings per share of ₹ 1/- each (before extraordinary items) | | | | | | |
| | (a) Basic: | 1.50 | 1.27 | 1.19 | 2.78 | 3.06 | 5.95 |
| | (b) Diluted: | 1.50 | 1.27 | 1.19 | 2.77 | 3.05 | 5.92 |
| 7. | Earnings per share of ₹ 1/- each (after extraordinary items) | | | | | | |
| | (a) Basic: | 1.50 | 1.27 | 1.19 | 2.78 | 3.06 | 5.95 |
| | (b) Diluted: | 1.50 | 1.27 | 1.19 | 2.77 | 3.05 | 5.92 |

## EXTRACT OF UNAUDITED CONSOLIDATED FINANCIAL RESULTS FOR THE QUARTER AND HALF YEAR ENDED 30.09.2025

(₹ in crores)

| Sl. No | Particulars | For the three months ended | | | For the six months ended | | For the year ended |
|---|---|---|---|---|---|---|---|
| | | 30.09.2025 | 30.06.2025 | 30.09.2024 | 30.09.2025 | 30.09.2024 | 31.03.2025 |
| | | (Unaudited) | (Unaudited) | (Unaudited) | (Unaudited) | (Unaudited) | (Audited) |
| 1. | Total income from operations (net) | 1,340.92 | 1,466.08 | 1,293.99 | 2,807.00 | 2,771.09 | 5,577.82 |
| 2. | Net Profit / (Loss) from ordinary activities after tax | 65.29 | 73.85 | 63.39 | 139.14 | 162.36 | 313.72 |
| 3. | Net Profit / (Loss) for the period / year after tax (after extraordinary items) | 65.29 | 73.85 | 63.39 | 139.14 | 162.36 | 313.72 |
| 4. | Total Comprehensive Income for the period / year [comprising profit / (loss) for the period / year (after tax) and Other Comprehensive Income] after tax | 65.29 | 73.85 | 63.39 | 139.14 | 162.36 | 310.58 |
| 5. | Equity Share Capital | 43.60 | 43.60 | 43.50 | 43.60 | 43.50 | 43.58 |
| 6. | Earnings per share of ₹ 1/- each (before extraordinary items) | | | | | | |
| | (a) Basic: | 1.49 | 1.69 | 1.45 | 3.17 | 3.71 | 7.17 |
| | (b) Diluted: | 1.48 | 1.68 | 1.44 | 3.16 | 3.70 | 7.14 |
| 7. | Earnings per share of ₹ 1/- each (after extraordinary items) | | | | | | |
| | (a) Basic: | 1.49 | 1.69 | 1.45 | 3.17 | 3.71 | 7.17 |
| | (b) Diluted: | 1.48 | 1.68 | 1.44 | 3.16 | 3.70 | 7.14 |

Note:

1. The above unaudited standalone and consolidated financial results for the quarter and half year ended September 30, 2025 were reviewed by the Audit Committee and approved by the Board of Directors and taken on record at the meetings held on October 29, 2025.
2. The above is an extract of unaudited financial results filed with the Stock Exchanges under Regulation 33 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015. The full format of the unaudited financial results are available in the Company's website (www.vguard.in) and on the websites of the National Stock Exchange of India Limited (www.nseindia.com) and BSE Limited (www.bseindia.com).

Place: Kochi
Date: 29.10.2025

For V-GUARD INDUSTRIES LIMITED
sd/-
Managing Director